(സി) വെള്ളനാട് സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിനു ഗ്രാമപഞ്ചായത്ത് സൗജന്യമായി ഭൂമി നൽകിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന നെടുമങ്ങാട് റവന്യൂ ടവറിന്റെ പണി പൂർത്തീകരിക്കുമ്പോൾ നെടുമങ്ങാട് സബ് രജിസ്ട്രാർ ഓഫീസ് പ്രസ്തുത ടവറിലേക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നത്.

(സി) വെള്ളനാട് സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ചിട്ടുള്ള സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഇതു വരെ കൈമാറി ലഭിച്ചിട്ടില്ല. ഭൂമി ലഭിച്ചാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ഗ്രാമവികസന വകുപ്പ് പദ്ധതികളുടെ അവലോകനം

102 [2605] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഗ്രാമ വികസന വകുപ്പ് എന്തെല്ലാം പദ്ധതി പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗ്രാമ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് കഴിഞ്ഞ നാല് വർഷം എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ട്; പദ്ധതിയുടെ പേരും സർക്കാർ ചെലവഴിച്ച തുകയും കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായവും, ചെലവഴിച്ച തുകയും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് മുഖേന താഴെപ്പറയുന്ന ഗ്രാമവികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(1) സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)

(2) സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന സ്പെഷ്യൽ പ്രോജക്ട്

LIBRARY ARCHIVES Kerala Legislative Assembly

(3) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.)

(4) ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.)

(5) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.)

(6) സമ്പൂർണ്ണ ഗ്രാമീണ ശുചിത്വ പരിപാടി

(7) തരിശു ഭൂമി വികസന പരിപാടി (ഐ.ഡബ്ല്യു.ഡി.പി.)/ഹരിയാലി.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തുടർച്ചയായി അവലോകനം നടത്തുകയും പദ്ധതികൾ സമയബന്ധിത മായി നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

തൃശ്ശൂർ ജില്ലയിലെ പി. എം. ജി. എസ്. വൈ. പദ്ധതി റോഡുകൾ

103 [2606] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ-യിൽ ഉൾപ്പെടുത്തുന്ന റോഡുകളെ സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ എത്ര ബ്ലോക്കുകളിൽ ഗ്രാമീണ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി;

(സി) ഏതൊക്കെ ബ്ലോക്കുകളിലാണ് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്;

(ഡി) ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിൽ ഈ വർഷം റോഡുകളുടെ നിർമ്മാണം ആരംഭിക്കുമോ; ഇതിനായി ഏതൊക്കെ റോഡുകളാണ് ഏറ്റെടുത്തിട്ടുള്ളത്?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ-യിൽ ഉൾപ്പെടുത്തുന്ന റോഡുകൾ ഇപ്പോൾ റോഡ് ബന്ധമില്ലാതെ കിടക്കുന്ന 500-ൽ അധികം ജനസംഖ്യയുള്ള ആവാസ കേന്ദ്രങ്ങളെ ഏതെങ്കിലും പ്രധാന റോഡുമായോ, റോഡ് ബന്ധമുള്ള ആവാസ കേന്ദ്രവുമായോ ബന്ധപ്പെടുത്തുന്നവയാകണം. അങ്ങനെയുള്ള ഒറ്റപ്പെട്ടുകിടക്കുന്ന ആവാസ കേന്ദ്രങ്ങളിൽനിന്നും ബന്ധപ്പെടുത്തുന്ന റോഡിലേക്ക്/അല്ലെങ്കിൽ റോഡ് ബന്ധമുള്ള ആവാസ കേന്ദ്രത്തിലേക്കുള്ള ദൂരം 500 മീറ്ററിൽ അധികമായിരിക്കണം. ഏറ്റെടുക്കുന്ന റോഡുകൾ ജില്ലയിലെ ഗ്രാമീണ റോഡുകളുടെ കോർ നെറ്റ് വർക്കിൽ ഉൾപ്പെട്ടിരിക്കണം. നിർമ്മിക്കുന്ന റോഡിന് 8 മീറ്റർ വീതിയിൽ റോഡ് പണിയാനാവശ്യ മായ ഭൂമി സൗജന്യമായി ലഭ്യമായിരിക്കണം.

(ബി) ചാലക്കുടി ബ്ലോക്കിൽ 11 റോഡുകളിൽ 10 എണ്ണവും മാള ബ്ലോക്കിൽ 3 എണ്ണവും പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly